# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - ജയിൽ വകുപ്പിലെ സ്ഥിരം ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ e-CDESK വെബ്പോർട്ടലിൽ Upload ചെയ്യുന്നത് - ജയിലാസ്ഥാനകാര്യാലയം എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ടിനെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.05.12.2024 തീയതിയിലെ ഇ1-35364/2024/PrHQ നമ്പർ ഉത്തരവ്.
2.പത്തനംതിട്ട ജില്ലാ ജയിൽ സൂപ്രണ്ടിന്റെ 09.12.2024 തീയതിയിലെ DJP1-824/2024/DJP നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ. E1-35364/2024/PrHQ; തീയതി : 11-12-2024</u>**

സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയം ഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരിലെ വിവിധ വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ കേരള പിന്നോക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK എന്ന വെബ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന്റെ ഭാഗമായി ജയിലാസ്ഥാനകാര്യാലയം ടെക്നിക്കൽ സെല്ലിലെ ജോയിന്റ് സൂപ്രണ്ടിനെ നോഡൽ ഓഫീസർ ആയി നിയമിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

ജയിൽ വകുപ്പിലെ സ്ഥിരം ജീവനക്കാരുടെ Caste/Sub caste സംബന്ധിച്ച വിവരങ്ങളാണ് ടി പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതെന്നും ആയവ സർവ്വീസ് പുസ്തകം പരിശോധിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതിനാൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ സീനിയർ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച് പരാമർശം 1ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ജയിൽ വകുപ്പിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ e-CDESK വെബ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനായി ജയിലാസ്ഥാനകാര്യാലയം എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ടിനെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

Krupadhyay

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

E1-35364/2024/PrHQ 1c7e7d

സ്വീകർത്താവ്: 1. ജോയിന്റ് സൂപ്രണ്ട്, ടെക്നിക്കൽ സെൽ
2. സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

പകർപ്പ് : എല്ലാ ജയിൽ സ്ഥാപന മേധാവിമാർക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും